ഉത്തരം

(എ) ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടു പ്രകാരം കേരളത്തിനു പുറത്തുവച്ച് 32 കേരളീയർ മരണപ്പെട്ടു. ഇത് കൂടാതെ കേരളത്തിന് പുറത്ത് തീർത്ഥാടനത്തിനും വിനോദസഞ്ചാരത്തിനുമായി പോയ കുറച്ച് കേരളീയർ മടങ്ങിയെത്തിയിട്ടില്ല. ഇവരെക്കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) ദുരന്തവുമായി ബന്ധപ്പെട്ട് കാണാതായവരുടെ വിവരം ശേഖരിക്കുന്നതിന് പ്രസ്തുത സ്ഥലത്തെ സർക്കാർ തലത്തിലുള്ള അധികാരികളുമായി ബന്ധപ്പെട്ട് വിവരം ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(സി) ദുരന്തത്തിൽ മരണപ്പെട്ട മുതിർന്നവരുടെ ആശ്രിതർക്ക് കേരള സർക്കാരിന്റെ സഹായധനമായി ഒരു ലക്ഷം രൂപ വീതവും, കുട്ടികളുടെ അവകാശികൾക്ക് 50,000 രൂപ വീതവും വിതരണം ചെയ്തു. കേന്ദ്ര സർക്കാരിന്റെ സഹായധനം ലഭിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം പ്രധാനമന്ത്രിയുടെ ഓഫീസിൽ അയച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) മരണമടഞ്ഞവരുടെ ബന്ധുക്കൾ ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന അപേക്ഷ നൽകാവുന്നതാണ്.

കടൽ തീരങ്ങളിലെ നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിന് നടപടി

104 [2171] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം കടൽത്തീരങ്ങളിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) കടൽഭിത്തി കെട്ടുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കേന്ദ്ര സഹായം കിട്ടുവാൻ നടപടിയെടുക്കുമോ;

(സി) സുനാമിയിൽ കടൽഭിത്തികൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൂടുതൽ കടൽക്ഷോഭം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കടൽഭിത്തിയും, കണ്ടൽ കൃഷിയും നടത്തുന്നതിനുള്ള നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലം കടൽത്തീരങ്ങളിൽ ഉണ്ടാകുന്ന നാശനഷ്ടം കുറയ്ക്കുന്നതിന് കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുക, കടൽഭിത്തിക്ക് നാശനഷ്ടങ്ങൾ വന്ന സ്ഥലങ്ങളിൽ അറ്റകുറ്റപ്പണികളും, പുനരുദ്ധാരണവും നടപ്പിലാക്കുക തുടങ്ങിയ നടപടികളാണ് സർക്കാർ നടത്തുന്നത്. കൂടാതെ കടൽ തീരങ്ങളിൽ കണ്ടൽ കൃഷി നടത്തുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

(ബി) കേരളത്തിന്റെ കടൽത്തീരം സംരക്ഷിക്കുന്നതിന് 1992-ന് ശേഷം 2000 വരെ കേന്ദ്രഗവൺമെന്റിൽ നിന്ന് സഹായമൊന്നുംതന്നെ ലഭിച്ചിട്ടില്ല. 11-ാം ധനകാര്യ കമ്മീഷൻ 2000-05 കാലയളവിലേക്കായി കടലാക്രമണ നിരോധന പണികൾക്കായി 50 കോടി രൂപ അനുവദിച്ചു.

കേരളത്തിലെ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന 52 കി.മീ. നീളം പുതിയ കടൽഭിത്തി നിർമ്മിക്കുവാനും 60 കി. മീ. നീളത്തിൽ കടൽ ഭിത്തി പുനരുദ്ധാരണത്തിനുമായി 216.96 കോടി രൂപയുടെ ഒരു പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ കോസ്റ്റൽ പ്രോജക്ടിൽ ഉൾപ്പെടുത്തി കേന്ദ്ര ധന സഹായത്തിനുവേണ്ടി 2000 ഏപ്രിലിൽ സമർപ്പിച്ചിട്ടുണ്ട്. സെൻട്രൽ വാട്ടർ കമ്മീഷൻ ചില ഭേദഗതികൾ നിർദ്ദേശിച്ചതിനെത്തുടർന്ന് ആവശ്യമായ മാറ്റങ്ങൾ വരുത്തി റിവൈസ്ഡ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

സുനാമി ദുരന്തത്തെ തുടർന്നുള്ള പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കേടു വന്ന കടൽഭിത്തികൾ പുനരുദ്ധരിക്കുന്നതിനും ചില പ്രദേശങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമായി ധനസഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സുനാമിയിൽ കടൽ കയറ്റംമൂലം 317 കി.മീ. നീളത്തിൽ കടൽ ഭിത്തിക്ക് നാശം ഉണ്ടായിട്ടുണ്ട്.

(ഡി) അത്യാവശ്യ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി കടൽഭിത്തി നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുന്നുണ്ട്. കടൽത്തീരങ്ങളിൽ കണ്ടൽ കൃഷി നടത്തുന്നതിനുള്ള സാദ്ധ്യതകളും പരിഗണിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly